# വിനയ

## എന്റെ കഥ

അഥവാ

ഒരു മലയാളിയുവതിയുടെ ജീവിതയാത്ര



വിനയ
എന്റെ കഥ അഥവാ ഒരു മലയാളിയുവതിയുടെ ജീവിതയാത്ര



വിനയ
എന്റെ കഥ
അഥവാ
ഒരു മലയാളിയുവതിയുടെ ജീവിതയാത്ര

ഒരു സാധാരണ പെൺകുട്ടിയിൽനിന്നും ആത്മബോധമുള്ള ഒരു സ്ത്രീയിലേക്കുള്ള യാത്രയാണ് ഈ ആത്മകഥ. വിനയയുടെ ഉൽക്കണ്ഠകളും ക്ഷോഭങ്ങളും സങ്കടങ്ങളും സ്നേഹവും എതിർപ്പുകളും മലയാളിബോധത്തിന്റെ കപടഭിത്തികളെയാണ് ഭേദിക്കുന്നത്. സ്ത്രീയുടെ അർഹമായ ഇടങ്ങൾക്കുവേണ്ടി സ്വന്തം ജീവിതത്തെ സമരമാക്കി കഠിനപഥങ്ങളിലൂടെയുള്ള ഈ യാത്ര നമ്മെ തെളിച്ചമുള്ള ഇടങ്ങളിലേക്ക് നയിക്കുന്നു. ചട്ടങ്ങൾ സ്ത്രീക്കും പുരുഷനും ഒരുപോലെയാകണം എന്നു കരുതുന്ന ഒരു ജനാധിപത്യ വിശ്വാസിയുടെ നിരീക്ഷണങ്ങളാണ് ഈ അനുഭവക്കുറിപ്പുകൾ.

അവതാരിക : സക്കറിയ

CURRENT BOOKS THRISSUR
ESTD:1952
ISBN 978-81-226-0501-3
₹265.00
കറന്റ് ബുക്സ് തൃശൂർ
www.currentbooksonline.in
Autobiography

25

2525
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2525 Call No.........................

This book should be returned on or before the date last given below.

Malayalam
**Ente Katha**
Adhava
**Oru Malayali yuvathiyude Jeevithayathra**
**Autobiography** by
**Vinaya**
1st Impression : August 2003
2nd Impression : November 2005
3rd Impression : January 2024
Cover Design : Jaison Vadakkan
Typeset : Current Books Thrissur
© Reserved
Printed at
Ebenezer Thrissur
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
**www.currentbooksonline.in**
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam
e-mail: cosmobooks@asianetindia.com
**ISBN 978-81-226-0501-3**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2791-CBT- 2024-14-500

# എന്റെ കഥ

അഥവാ

# ഒരു മലയാളിയുവതിയുടെ ജീവിതയാത്ര

**വിനയ**

കറന്റ് ബുക്സ് തൃശൂർ

## വിനയ

ജനനം : 20-5-1967-ൽ
അമ്മ : എൻ.എ. ലക്ഷ്മികുട്ടിയമ്മ
അച്ഛൻ : ഇ.കെ. രാഘവൻ നായർ
1991-ൽ പോലീസിൽ ചേർന്നു.
2003 ജൂൺ 13-ന് സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ടു.
2004 ജൂണിൽ വീണ്ടും തിരിച്ചെടുത്തു.
2023 മേയിൽ വിരമിച്ചു.
ഭർത്താവ് : കെ.എ. മോഹൻദാസ്
മക്കൾ : ആതിര വി.എം., വിശാൽ എം. വിനയ
വിലാസം :

കേദാരം
നെന്മേനി പി.ഒ.
ബത്തേരി (വഴി)

Mob : 8921583202


## സമർപ്പണം

*എന്റെ അമ്മയ്ക്ക്,*
*ലോകത്തിലെ എല്ലാ സ്ത്രീകൾക്കും*

# മുഖവുര

അപ്രതീക്ഷിതമായി ഏൽക്കുന്ന തിരിച്ചടികളുടെ വേളകളിൽ തളർന്നുപോകുന്ന മനസ്സിന് താങ്ങായി തീരുന്ന ഉറ്റവരോടും എന്നോടുതന്നേയും ഞാൻ പലവുരു ചോദിച്ചിട്ടുണ്ട് 'എന്റേത് ഒരു പാഴ്ജന്മമായിരുന്നുവോ? നീണ്ട കാലത്തെ എന്റെ തീർച്ച കളും എതിർപ്പുകളും ജീവിതത്തിൽ ചില ഫലങ്ങളെങ്കിലും അവശേഷിപ്പിച്ചിട്ടുണ്ടോ?' ഒരുപാട് കാലമായി ഒരു ഭേദ വുമില്ലാത്ത വ്യവസ്ഥിതികൾ നിർമ്മിച്ചുവെച്ച തടവുമുറിക ളിൽ അതിനിണങ്ങുംവിധം ജീവിക്കുന്ന സ്ത്രീക്ക് തീർത്തും അർഹമായ ഇടം പിടിച്ചെടുക്കുന്നതിനുള്ള ഒരു സമരഭൂമി യാക്കി ഞാൻ എന്റെ ജീവിതത്തെ മാറ്റി പണിതിട്ടുണ്ട്. ഒരു സാധാരണ പെൺകുട്ടിയിൽനിന്നും ആത്മബോധ മുള്ള ഒരു സ്ത്രീയിലേക്കുള്ള എന്റെ മാറ്റത്തിന്റെ ദിനസ രിയാണ് ഈ അനുഭവക്കുറിപ്പുകൾ. എന്റെ ഉൽക്കണ്ഠ കളും ക്ഷോഭങ്ങളും സങ്കടങ്ങളും സ്നേഹങ്ങളും എതിർപ്പു കളും പാഴായിട്ടില്ലെന്ന ആത്മവിശ്വാസം തന്നെയാണ് ഈ അക്ഷരങ്ങൾ കുറിക്കുവാൻ എന്നെ പ്രാപ്തയാക്കുന്നത്. വലിയവരുടേതു മാത്രമല്ല എളിയവരുടേയും ജീവിതകഥ കൾ തിരിച്ചറിയപ്പെടുന്ന ഒരുനാൾ വരിക തന്നെ ചെയ്യും.

വീടിന്റെ അടഞ്ഞവാതിൽ അല്പം തുറന്നപ്പോൾ നിലത്തുപതിഞ്ഞ ക്ഷീണിതമായ വെളിച്ചത്തിന്റെ ഒരു കീറ് പോലെയാണ് എനിക്ക് എന്റെ അമ്മ. ജീവിതത്തിന്റെ കഠി നതകളും സഹനങ്ങളും കുടിച്ചുവറ്റിക്കാൻ കഷ്ടപ്പെട്ടു കൊണ്ടേയിരുന്ന സ്ത്രീവർഗ്ഗത്തിന്റെ ഒരു സാധാരണ പ്രതിനിധി. എന്നെ പെറ്റു വളർത്തിയ എന്റെ അമ്മയ്ക്കും ഭൂമിയിലെ ഓരോ സ്ത്രീക്കും ഈ പുസ്തകം ഞാൻ സമർപ്പിക്കുന്നു.

സ്നേഹത്തോടെ

**വിനയ മാടക്കര**

(ആദ്യ പതിപ്പിനെഴുതിയത്)

# ഉള്ളടക്കം

ആമുഖം .....11

വിനയയുടെ ജീവിതപ്പുസ്തകം - സക്കറിയ .....17

1. എന്റെ (എല്ലാവരുടേയും) അമ്മയുടെ ജീവിതം .....21

2. ബാല്യവും വിദ്യാഭ്യാസവും .....25

3. പെണ്ണത്തത്തിന്റെ തിരിച്ചറിവ് .....39

4. ഭർതൃദേവോ ഭവഃ .....48

5. സാമൂഹ്യപ്രവർത്തനം .....54

6. പോലീസിന്റെ പരിശീലനക്കളരിയിൽ .....64

7. ഒരു പോലീസുകാരിയുടെ ദിനസരി തുടങ്ങുന്നു .....72

8. വിവാഹം .....77

9. വിവേചനത്തിന്റെ വിവിധ മുഖങ്ങൾ .....88

10. ബത്തേരിയിലെ കുരിശേറ്റം .....96

11. ആദ്യത്തെ സസ്പെൻഷൻ .....103

12. സംഘടനയിലെ പ്രശ്നങ്ങൾ .....114

13. തലസ്ഥാന നഗരിയിൽ അല്പകാലം .....123

14. അമ്മയുടെ വില .....134

15. അധികാരം - അഭിമാനം - അപമാനം .....137

16. എന്റെ രൂപമാറ്റം .....144

17. കൊച്ചു കൊച്ചു സന്തോഷങ്ങൾ .....150

18. ആദ്യത്തെ റിട്ട് .....156

19. സ്ത്രീക്ക് എവിടെയാണ് ഇടമില്ലാത്തത്? .....160

20. വഴിത്തിരിവായ് കണ്ണൂരിലെ കളിക്കളം .....165

21. പിരിച്ചുവിടൽ എന്ന വധശിക്ഷ .....183

22. തകർച്ചയുടെ ആഴം .....187

## ആമുഖം

2003-ൽ ഈ പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചതിനു ശേഷം വരുന്ന പതിപ്പിൽ പോലീസ് സേനയിലും എന്നിലും വന്ന ചില മാറ്റങ്ങൾ കൂടി ആമുഖമായി പറയുന്നത് പുതിയ വായനക്കാർക്കും കൂടി വേണ്ടിയാണ്. അവർ ഇതിന്റെ ചരിത്രം ശരിയായ രീതിയിൽ തന്നെ മനസ്സിലാക്കുമെന്ന് എനിക്കുറപ്പുണ്ട്.

**പ്രമോഷൻ**

വയനാട്ടിൽനിന്നും 2010-ൽ തൃശ്ശൂരിലേക്ക് വരുവാനുള്ള കാരണം-ലഭിച്ച പ്രമോഷൻ ആയിരുന്നു. നീണ്ട 15 വർഷം കഴിഞ്ഞപ്പോൾ ലഭിച്ച ഗ്രേഡ് ഹെഡ് കോൺസ്റ്റബിൾ തസ്തിക ഒറിജിനൽ ഹെഡ് കോൺസ്റ്റബിൾ എന്ന നിലയിലേക്കുയർന്നു. ഞങ്ങൾക്കു ജൂനിയറായ ആൺ പോലീസുകാർ ആണായതിന്റെ മാത്രം പേരിൽ നൽകിയ പ്രമോഷനെതിരെ ഞാനുൾപ്പെടെയുള്ളവർ ഹൈക്കോടതിയിൽ Gender discrimination constitution - ന്റെ ലംഘനമാണെന്നും പറഞ്ഞ് പോയ കേസിൽ ഞങ്ങൾക്ക് പ്രമോഷൻ നല്കാത്തതിനെക്കുറിച്ച് കോടതി സമാധാനം ആവശ്യപ്പെട്ടു. കോടതിക്ക് സമാധാനം കൊടുക്കാൻ വേണ്ടി നടത്തിയ ഒരു പ്രമോഷനായിരുന്നു അത്. വയനാട്ടിൽ വേക്കൻസി ഇല്ലാത്തതിന്റെ പേരിൽ ആണ് തൃശ്ശൂർ KEPA എന്ന Kerala Police Academyയിൽ എത്തുന്നത്.

2010 മാർച്ചിൽ അക്കാദമി ട്രെയ്നിംഗ് വിങ്ങിൽ ആയിരുന്നു പോസ്റ്റിംഗ്. നിരന്തരമായ കാലുവേദനയും നടുവേദനയും ഹേതുവായി. പോലീസ് ട്രെയ്നികൾക്ക് ട്രെയ്നിംഗ് കൊടുക്കുന്നതിലോ സൂപ്പർവൈസ് ചെയ്യുന്നതിലോ ശോഭിക്കുവാൻ എനിക്കു കഴിഞ്ഞില്ല. നിരന്തരമായ് ആനുകൂല്യം പറ്റുന്നവൾ എന്നൊരു ചീത്തപ്പേര് സഹപ്രവർത്തകർക്കിടയിലും മേലുദ്യോഗസ്ഥർക്കിടയിലും ഉണ്ടാക്കുന്നതിന് ഈ ആനുകൂല്യം പറ്റൽ ഇടയാക്കി. എന്റെ ശാരീരികാസ്വാസ്ഥ്യം ഒരു വലിയ രോഗത്തിന്റെ ആരംഭമായിരുന്നു എന്ന് തിരിച്ചറിഞ്ഞത് 2018 ഡിസംബറിൽ ആണ്. 12 വർഷം വളർച്ചയുള്ള ഒരു റ്റ്യൂമർ എന്റെ ഗർഭപാത്രത്തിൽനിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിൽ വെച്ച് റിമൂവ് ചെയ്തു. തുടർന്നുള്ള പരിശോധനയിൽ ആയതിൽ ക്യാൻസറസ് ആണെന്ന്